**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **21-06-2024 - ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷന്റെ ബോധവത്ക്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അധ്യയന വർഷം ആരംഭിക്കുന്ന അവസരത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിമുക്തി മിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പുനസംഘടിപ്പിക്കുകയും ക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ പുതിയ ക്ലബ്ബുകൾ രൂപീകരിക്കുകയും, ഓരോ സ്കൂളിനും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിക്കുകയും, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി സ്കൂളുകളിൽ ഓരോ അദ്ധ്യാപകനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ, കുട്ടികളിലെ ലഹരി സംബന്ധമായ വിവരങ്ങളും പരാതികളും അറിയിക്കുന്നതിനും, കൗൺസിലിംഗ് സംബന്ധമായ വിവരങ്ങൾക്കും ബന്ധപ്പെടേണ്ട മൊബൈൽ നമ്പരുകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതി ജഡ്ജിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജ്യൂഡിഷ്യൽ കൊളോക്യത്തിന്റെ നിർദ്ദേശപ്രകാരം ഒരു Standard Operating Procedure (SOP) യും സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു വാർഷിക പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്.<br><br>ഈ അധ്യയന വർഷാരംഭത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ 3 ലക്ഷം സ്വാഗത പത്രികകൾ തയ്യാറാക്കി സംസ്ഥാനത്ത് സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതിനെതിരെ രക്ഷകർത്താക്കൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ വിമുക്തി മിഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കുട്ടികൾ ലഹരി ഉപയോഗത്തിലേക്ക് എത്തിപ്പെടാനുള്ള സാഹചര്യങ്ങൾ മനസ്സിലാക്കി അവയെ പ്രതിരോധിക്കാനും, ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയ കുട്ടികളെ തിരിച്ച് കൊണ്ടുവരുവാനും |

| | | | |
|---|---|---|---|
| | | | രക്ഷിതാക്കളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരിച്ച "കരുതൽ" എന്ന പുസ്തകത്തിന്റെ 50000 പകർപ്പുകൾ കൂടി അച്ചടിച്ച് ഈ വർഷം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>സ്കൂളുകളിൽ നടത്തി വരുന്ന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി പി.റ്റി.എ മീറ്റിങ്ങുകളിൽ എക്സൈസ് ഉദ്യോഗസ്ഥർ പങ്കെടുത്ത്, രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണവും നിർദ്ദേശവും നൽകി വരുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ലഹരി ഉപയോഗത്തിനെതിരെ ജാഗരൂകരാക്കുന്നതിന് എന്തെല്ലാം ബോധവത്ക്കരണ നടപടികളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | വിമുക്തി മിഷൻ മുൻ വർഷങ്ങളിൽ നടപ്പിലാക്കി വന്നിട്ടുള്ള ലഹരി വിരുദ്ധ പരിപാടികൾ തുടരുന്നതോടൊപ്പം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം നടപ്പിലാക്കുന്നതാണ്.<br><br>ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ "കരുതൽ", "കവചം" എന്നീ കൈപ്പുസ്തകങ്ങളുടെ കൂടുതൽ പകർപ്പുകൾ അച്ചടിച്ച് ഈ അദ്ധ്യയന വർഷം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കുട്ടികളിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും ഏകോപനത്തോടെ നടപ്പിലാക്കുന്നതിനായി Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള പരിശീലനം അധ്യാപകർക്ക് നൽകി വരികയുമാണ്.<br><br>സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>സ്കൂൾ കോളേജ് തലങ്ങളിൽ പ്രവർത്തിച്ചു വരുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾ പുനസംഘടിപ്പിക്കുകയും ക്ലബ്ബുകൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ക്ലബ്ബുകളുടെ നേതൃത്വത്തിൽ, വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br><br>പഠനം കഴിഞ്ഞുള്ള സമയത്ത് വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായും ഉള്ള അവരുടെ |

| | | | |
|---|---|---|---|
| | | | കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി ''ഉണർവ്വ്'' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ജില്ലകളിൽ കൗൺസെലിങ്ങ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സൈക്കോളജി/സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുള്ളതും, അവർ വിമുക്തി മെന്റർമാരായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.<br><br>ജീവിത നൈപുണ്യങ്ങൾ ആർജ്ജിക്കുന്നതിലൂടെ ചെറിയ പ്രായം മുതൽക്കുള്ള കുട്ടികൾക്ക് നല്ല ശീലങ്ങൾ വളർത്തുന്നതിനായി പ്രൈമറി സ്കൂൾ തലത്തിൽ ആരംഭിച്ച പദ്ധതിയായ ''ബാല്യം അമൂല്യം'' പദ്ധതി ഈ അദ്ധ്യയന വർഷവും തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ